# 2

# വെളിപ്പാടിനെ കുറിച്ച് നിങ്ങൾ അറിയേണ്ട ഏഴ് വസ്തുതകൾ

വെളിപ്പാട് പുസ്തക പഠനത്തിന് രണ്ടു സമീപനങ്ങളിൽ ഏതെങ്കിലും ഒന്ന് നിങ്ങൾക്ക് എടുക്കാം: (1) നമ്മുടെ പഠനം നേരിട്ടു വേദഭാഗങ്ങളിലേക്ക് തിരിഞ്ഞുകൊണ്ടാകാം. പിന്നെ പുസ്തകത്തെ കുറിച്ച് നിങ്ങൾ അറിയേണ്ടതു പോകപ്പോകെ ഞാൻ പറയാം. (2) നിങ്ങൾ അറിയേണ്ടതായ ധാരാളം കാര്യങ്ങൾ ആരംഭത്തിൽ തന്നെ എനിക്ക് പറയുവാൻ കഴിയും. പിന്നെ, വേദഭാഗം പഠിക്കുമ്പോൾ, നിങ്ങൾ വളരെ കാര്യങ്ങൾ മനസിലാക്കുകയും അനുമോദിക്കയും ചെയ്യും. രണ്ടു സമീപനങ്ങൾക്കും ഗുണവും ദോഷവുമുണ്ട്, എന്നാൽ നിങ്ങളുടെ വെളിപ്പാട് പഠനം കഴിവതും വലിയ കുഴപ്പ - മില്ലാതെ കൊണ്ടുപോകുവാൻ ഞാൻ ആഗ്രഹിക്കുന്നതുകൊണ്ട്, രണ്ടാമത്തെ സമീപന മാണ് എടുത്തിരിക്കുന്നത്.

ഈ പരമ്പരയിലെ ആദ്യത്തെ ആറു പാഠങ്ങളിൽ, വെളിപ്പാട് പുസ്തകം മനസിലാക്കുവാനുള്ള വിവരങ്ങൾ ഞാൻ നിങ്ങൾക്ക് നൽകും. ഈ അവതരണത്തിൽ, പശ്ചാത്തലരൂപത്തിൽ നിങ്ങൾ അറിഞ്ഞിരിക്കേണ്ട ഏഴു വസ്തുതകൾ ഞാൻ നിങ്ങൾക്ക് നൽകുന്നതാണ്.

### 1. അതിന്റെ ലേഖകൻ

എന്റെ കയ്യിലുള്ള കെജെവിയുടെ പകർപ്പിൽ തലവാചകമായി ''ദ റെവെലേഷൻ ഓഫ് സെന്റ്. ജോൺ ദ ഡിവൈൻ''[1] എന്നാണ്. എങ്ങനെ യായാലും, പുസ്തകത്തിലെ ആദ്യ വാക്കുകൾ സൂചിപ്പിക്കുന്നത് വെളിപ്പാട് പുസ്തക വാല്യം യോഹന്നാന്റേതല്ല, മറിച്ച് ''യേശുക്രിസ്തുവിന്റെ വെളിപ്പാടാണ്.'' യോഹന്നാൻ യേശുക്രിസ്തുവിന്റെ വെറും സാക്ഷിയും സെക്രട്ടറിയുമായിരുന്നു: "... [യേശു] തന്റെ ദൂതൻ മുഖാന്തരം അയച്ചു തന്റെ ദാസനായ യോഹന്നാന് പ്രദർശിപ്പിച്ചു" (1:1, 2).

### 2. അതിന്റെ തൂലികാമനുഷ്യൻ

വെളിപ്പാട് പുസ്തകം എഴുതിയത് ഒരുപക്ഷെ യോഹന്നാൻ ആയിരിക്കാം.[2] "യേശുക്രിസ്തുവിന്റെ ദാസ - നായ യോഹന്നാൻ" (1:1) എന്നാണ് അവനെ വിശേഷിപ്പിച്ചിരിക്കുന്നത്. "യോഹന്നാൻ" എന്ന ലളിതമായ പേരിനാൽ തന്നെ അവൻ വളരെ അധികം അറിയപ്പെട്ടിരുന്നു. പുതിയനിയമത്തിൽ പ്രമുഖനായി തീർന്ന ഏക യോഹന്നാൻ അപ്പൊസ്തലനായ യോഹന്നാൻ ആയിരുന്നു.[3]

സഭയുടെ പ്രാരംഭഘട്ടത്തിൽ തന്നെ, വെളിപ്പാട് പുസ്തകം എഴുതുവാൻ അപ്പൊസ്തലനായ യോഹന്നാനെ നിയമിച്ചിരുന്നു. പാപ്പിയസും എഴുതി

യത് യോഹന്നാൻ ആണെന്ന് ആരംഭ സഭാക്ഷ്യക്ഷന്മാർ ആയ (സി. 135), ജസ്റ്റിൻ മാർടിരും (സി. 150), ഐറേനിയസും (സി. 185) പറഞ്ഞിരിക്കുന്നു. ആ സഭാദ്ധ്യക്ഷന്മാർ പറയുന്നതനുസരിച്ച്, അപ്പൊസ്തലനായ യോഹന്നാൻ യെരുശലേം നാശ സമയത്ത് (ഏ.ഡി. 70) എഫെസൊസിലേക്ക് പോകുകയും ആസ്യാ - ഭൂഖണ്ഡത്തിൽ അടുത്ത ഇരുപത്തി - അഞ്ചു വർഷം വളരെ പ്രമുഖനായ ഒരു ക്രിസ്തീയ നേതാവായി ജീവിക്കയും ചെയ്തിരുന്നു. അവിടെനിന്നാണ്, അവനെ പത്മൊസ് ദ്വീപിലേക്ക് നാടുകടത്തിയത്, അവിടെ വെച്ചാണ് അവന് യേശുവിൽനിന്നുള്ള വെളിപ്പാട് ലഭിക്കുന്നത്.

വെളിപ്പാടും യോഹന്നാന്റെ മറ്റു പുസ്തകങ്ങളും താരതമ്യം ചെയ്താൽ വളരെയധികം സമാനതകൾ കാണാം. യോഹന്നാൻ മാത്രമാണ് യേശുവിനെ *ലോഗോസ്* എന്ന് വിശേഷിപ്പിച്ചത് ("വചനം"; യോഹന്നാൻ 1:1, 14; 1 യോഹന്നാൻ 1:1; വെളിപ്പാട് 19:13). യേശുവിനെ സൂചിപ്പിക്കുവാൻ യോഹന്നാൻ ഇഷ്ടപ്പെട്ട വിശേഷണമായിരുന്നു "ദൈവത്തിന്റെ കുഞ്ഞാട്" (യോഹന്നാൻ 1:29, 36); വെളിപ്പാട് പുസ്തകത്തിൽ യേശുവിനെ ഇരുപത്തി - രണ്ടു പ്രാവശ്യം "കുഞ്ഞാട്" എന്നു വിളിച്ചിട്ടുണ്ട്. സുവിശേഷ എഴുത്തുകാരിൽ യോഹന്നാൻ മാത്രമാണ് "യേശുവിന്റെ വിലാപുറത്ത് കുത്തി" എന്ന് പറയുന്നത് (യോഹന്നാൻ 19:34), ആ വസ്തുത വെളിപ്പാട് പുസ്തകത്തിലുമുണ്ട് (1:7).[4]

അവന്റെ മറ്റു പുസ്തകങ്ങളുടെ ശൈലിയും വെളിപ്പാട് പുസ്തകത്തിലെ ശൈലിയും തമ്മിലുള്ള വ്യത്യാസം നിമിത്തം വെളിപ്പാട് യോഹന്നാനാണോ എഴുതിയതെന്ന വെല്ലുവിളി ചിലർ നടത്തുന്നുണ്ട്. വെളിപ്പാട് എഴുതിയ ശൈലി വികൃതമാണെന്നും, അതുകൊണ്ടാണ് അത് എഴുതിയത് യോഹന്നാനല്ല എന്നും ചിലർ പറയുന്നത് എന്നാണ് നമ്മോട് പറഞ്ഞിട്ടുള്ളത്. എങ്ങനെയായാലും, ശൈലി വ്യത്യാസത്തിന് മറ്റു വിശദീകരണങ്ങളുണ്ട്.

ഉദാഹരണത്തിന്, *ഉള്ളടക്കം വ്യത്യസ്തമാണ്*. ഒരു ലേഖനം എഴുതുന്നതോ അല്ലെങ്കിൽ യേശുവിന്റെ ജീവിത രീതിയെ കുറിച്ച് പഠിച്ച് അവതരിപ്പിക്കുന്നതോ പോലെയല്ല ദർശനങ്ങൾ രേഖപ്പെടുത്തുന്നതും അടയാളങ്ങൾ വിശദമാക്കുന്നതും.

കൂടാതെ, *അനുഭവവും വ്യത്യസ്തമായിരുന്നു*. യോഹന്നാൻ അധികവും എഴുതിയത് ദർശനം കണ്ടുകൊണ്ടിരിക്കുമ്പോഴും ശബ്ദം കേട്ടുകൊണ്ടിരിക്കുമ്പോഴുമായിരുന്നു. തന്റെ വൈകാരിക അവസ്ഥയെ കുറിച്ച് യോഹന്നാൻ പറഞ്ഞു, "ഞാൻ ഏറ്റവും കരഞ്ഞു" (5:4). അത്തരമൊരു മാനസികാവസ്ഥ യോഹന്നാൻ പ്രകടമാക്കുന്നതിനെ ബാധിക്കും.

അതിനു പുറമെ, *നടപടി* ക്രമത്തിലും ഒരുപക്ഷെ *വ്യത്യാസം ഉണ്ടായേക്കാം*. പൗലൊസിനേയും,[5] പത്രൊസിനേയും[6] പോലെ, മറ്റുള്ളവരുടെ സഹായത്താലായിരിക്കാം തന്റെ സുവിശേഷവിവരണങ്ങളും മറ്റു ലേഖനങ്ങളും എഴുതിയത് - തന്നേക്കാൾ അധികം ഗ്രീക്കുഭാഷയും എഴുത്തുശൈലിയും വശമുള്ളവർ.[7] നേരെ മറിച്ച്, യോഹന്നാൻ ദർശനങ്ങളും വെളിപ്പാടുകളും തന്റെ സ്വന്ത കൈകൊണ്ട് എഴുതിയിരിക്കുവാനും സാധ്യതയുണ്ട് (1:11, 19; 2:1, 8, 12, 18; 3:1, 7, 12, 14; 10:4; 14:13; 19:9; 21:5).[8] അപ്പോൾ, സ്വാഭാവികമായും ശൈലിക്ക് മാറ്റം വരാം.

*രൂപകല്പനക്കു തന്നെ വ്യത്യാസം* ഉണ്ടാകുവാനുള്ള സാധ്യത നാം പരിഗണിക്കേണ്ടതുണ്ട്. വെളിപ്പാട് പുസ്തകത്തിന്റെ ചില സ്ഥലത്ത് വികൃതമായ

ശൈലിയായിരിക്കാമെങ്കിലും, അത് അവ്യക്തമായിരിക്കുക പ്രയാസമാണ്. ആസ്റ്റിൻ ഫെയറർ പറഞ്ഞു, "അവന് എങ്ങനെ അപ്രകാരം എഴുതുവാൻ കഴിഞ്ഞു എന്നതു നാം പലപ്പോഴും അതിശയിക്കുന്നുണ്ട്, എന്നാൽ അവൻ എഴുതിയതിന്റെ അർത്ഥത്തിൽ അതിശയിക്കേണ്ടതില്ല."[9] ലെയോൺ മോറിസ് ഈ ചിന്ത ഊന്നി പറഞ്ഞിരിക്കുന്നു:

> ... ചില സന്ദർഭങ്ങളിൽ യോഹന്നാൻ ഗ്രീക്ക് വ്യാകരണം ലംഘിച്ചുകൊണ്ടെഴുതിയെങ്കിൽ, മറ്റു സന്ദർഭങ്ങളിൽ ഗ്രീക്ക് വ്യാകരണനിയമമനുസരിച്ചാണ് എഴുതിയത്. മറ്റൊരു വാചകത്തിൽ പറഞ്ഞാൽ, അവൻ പ്രത്യേക ഗ്രീക്കിൽ എഴുതിയത് ഒരുദ്ദേശത്തിനുവേണ്ടിയാണ്, അല്ലാതെ ശരിയായ രൂപത്തിന്റെ അജ്ഞതകൊണ്ടല്ല.[10]

മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ചില പ്രത്യേക ഫലത്തിനായി, ആ ശൈലിയിൽ എഴുതുവാൻ പരിശുദ്ധാത്മാവ് യോഹന്നാനോട് ആവശ്യപ്പെട്ടിരിക്കാം.[11]

ആ വാക്കുകൾ യോഹന്നാൻ എഴുതി എന്നു വിശ്വസിക്കുവാൻ ധാരാളം കാരണങ്ങളുണ്ടെന്നാണ് എന്റെ തീർച്ചപ്പെടുത്തൽ - അറിയപ്പെടാത്ത ഒരു യോഹന്നാൻ അതെഴുതി എന്നു വിശ്വസിക്കുവാനുള്ള ഒരു കാരണവും കാണുന്നില്ല.[12]

## 3. അതിന്റെ തീയതി

ഡൊമീഷ്യന്റെ വാഴ്ച്ചക്കാലമായ, ഏ.ഡി. 94–96 കാലയളവിലായിരിക്കാം ഒരുപക്ഷെ വെളിപ്പാട് എഴുതിയത്. സഭക്ക് കഠിനമായ ഉപദ്രവം നേരിട്ട സമയത്തായിരുന്നു വെളിപ്പാട് എഴുതിയത് (2:13; 6:9; 12:17; 13:7), റോമാ ഗവൺമെന്റിന്റെ.[13] കാലത്തായിരുന്നു അത് എഴുതപ്പെട്ടതെന്ന് മിക്കപേരും വിശ്വസിക്കുന്നു.[14] ഒന്നാം നൂറ്റാണ്ടിന്റെ അവസാനഭാഗത്ത് ക്രിസ്ത്യാനികളെ ഉപദ്രവിച്ചത് - രണ്ടു ചക്രവർത്തിമാരായ നീറോയും ഡൊമീഷ്യനും മാത്രമാകകൊണ്ട്, ഏതെങ്കിലും ഒരാളുടെ വാഴ്ച്ചക്കാലത്തായിരിക്കും വെളിപ്പാട് എഴുതപ്പെട്ടത്.[15]

ദൈവശ്വാസിയമല്ലാത്ത പാരമ്പര്യമനുസരിച്ച്, ഡൊമീഷ്യന്റെ വാഴ്ച്ചയുടെ അവസാനകാലത്താണ് വെളിപ്പാട് എഴുതപ്പെട്ടത് (ഏ.ഡി. 81–96). ഐറേനിയസ്, ഏ.ഡി. 185–ൽ എഴുതുമ്പോൾ, പറഞ്ഞു, "വെളിപ്പാടുപുസ്തകത്തിലെ" വെളിപ്പെടുത്തുന്ന ദർശനങ്ങൾ "കണ്ടത് ഡൊമീഷ്യന്റെ വാഴ്ച്ചയുടെ അവസാനകാലത്ത്, നമ്മുടെ കാലയളവിൽ തന്നെയാണ്"[16] മറ്റു പ്രാരംഭ സഭാദ്ധ്യക്ഷന്മാരും (യുസേബിയസ് തുടങ്ങിയവർ) വെളിപ്പാട് എഴുതപ്പെട്ടത് ഡൊമീഷ്യന്റെ വാഴ്ച്ചക്കാലത്ത് ഏ.ഡി. 90 കളുടെ അവസാനമായിരുന്നു എന്ന് വിശ്വസിക്കുന്നു.

ചിലർ വിശ്വസിക്കുന്നത് വെളിപ്പാട് പുസ്തകം എഴുതപ്പെട്ടത് നീറോ ചക്രവർത്തിയുടെ വാഴ്ച്ചയുടെ അവസാനകാലത്താണ് എന്നത്രെ (ഏ.ഡി. 54–68), എന്നാൽ ഞാൻ നടത്തിയ പഠനത്തിൽ എനിക്ക് എത്തിച്ചേരുവാൻ കഴിഞ്ഞത് പാരമ്പര്യകാഴ്ച്ചപ്പാടിലാണ്. ഉദാഹരണത്തിന് ചക്രവർത്തിമാരുടെ ഉപദ്രവസ്വഭാവം നോക്കിയാൽ (3:10) ഡൊമീഷ്യന്റെ ഉപദ്രവം നീറോയുടേതിനേക്കാൾ പ്രത്യേകതയുള്ളതായിരുന്നു. കൂടാതെ, 60 കളേക്കാൾ 90 കളാണ് ഏഴു സഭകളുടേയും അവസ്ഥ നോക്കിയാൽ യോജിക്കുന്നത്.

എഫെസൊസ് സഭ 60 കളിൽ സ്പഷ്ടമായും വളർന്നുവരികയായിരുന്നു (പ്രവൃത്തികൾ 19 ഉം 20 ഉം എഫെസ്യലേഖനവും നോക്കുക), എന്നാൽ വെളിപ്പാട് പുസ്തകം എഴുതുമ്പോഴേക്ക് എഫെസൊസ് സഭയുടെ ആദ്യ സ്നേഹം നഷ്ടപ്പെടുകയും അണഞ്ഞുപോകൽ ഭീഷണി നേരിടുകയും ചെയ്തിരുന്നു (2:4, 5). അതുകൊണ്ട്, ഈ പാഠങ്ങളിൽ അത് എഴുതിയ തീയതി ഏതാണ്ട് ഏ.ഡി. 90 കളിലാണെന്നാണ് ഞാൻ ഉപയോഗിച്ചിരിക്കുന്നത്.[17]

## 4. അതിന്റെ സ്ഥലം

തനിക്ക് വെളിപ്പാട് ദർശനം ലഭിക്കുമ്പോൾ, യോഹന്നാൻ പത്മൊസ് ദ്വീപിലായിരുന്നു. "ദൈവവചനവും യേശുക്രിസ്തുവിന്റെ സാക്ഷ്യവും നിമിത്തം ആയിരുന്നു" യോഹന്നാൻ നാടുകടത്തപ്പെട്ടത് (1:9). പത്മൊസ് ദ്വീപ് "ചെറുതും (എട്ടുമൈൽ നീളവും നാലുമൈൽ വീതിയും) ആധുനിക തുർക്കിയുടെ[18] തീരത്തുനിന്ന് മാറി, എഫെസൊസിൽനിന്ന് 50 മൈൽ തെക്കുപടിഞ്ഞാറായി, അയേഗ്യൻ കടൽത്തീരത്ത് പാറയോടുകൂടിയതുമായിരുന്നു. ഒരുപക്ഷെ അത് റോമൻ കുറ്റവാളികളെ താമസിപ്പിച്ച സ്ഥലമായിരിക്കാം."[19] സർ വില്യം രാംസേ പറഞ്ഞതനുസരിച്ച്, തടവുകാരെ "ചാട്ടവാറുകൊണ്ടടിച്ച് ശാശ്വതമായി വിലങ്ങണിയിക്കുകയും, അപര്യാപത വസ്ത്രവും, അപര്യാപ്ത ആഹാരവും നൽകി, ഇരുണ്ട മുറിയിൽ വെറും തറയിൽ കിടത്തും, സൈന്യം അവരെ ചാട്ടവാറുകൊണ്ടടിച്ചാണ് ജോലി ചെയ്യിപ്പിച്ചിരുന്നത്."[20]

## 5. അതിന്റെ സദസ്യർ

അന്നുണ്ടായിരുന്ന ഏഴു സഭകൾക്കും – എല്ലാ കാലത്തെയും ക്രിസ്ത്യാനികൾക്കും വേണ്ടിയാണ് വെളിപ്പാട് പുസ്തകം എഴുതിയത്. "ആസ്യയിലെ ഏഴു സഭകളെ" പ്രത്യേകമായി സംബോധന ചെയ്താണ് വെളിപ്പാട് എഴുതിയത് (1:4): "എഫെസൊസ്, സ്മുർന്ന, പെർഗമം, തുയഥൈര, സർദ്ദീസ്, ഫിലദെൽഫിയ, ലവൊദിക്യ എന്നീ സഭകൾക്ക്." (1:11).[21] "ആസ്യ" എന്നത് ഏഷ്യാ ഭൂഖണ്ഡമല്ല. അയേഗ്യൻ കടലിന്റെ കിഴക്കേ തീരത്ത് സ്ഥിതി ചെയ്തിരുന്ന ഒരു റോമൻ പ്രവിശ്യയായിരുന്നു ആസ്യ (ഇപ്പോൾ അത് ആധുനിക തുർക്കിയുടെ പടിഞ്ഞാറെ തീരം). ആ പ്രവിശ്യയിൽ ഏഴിലധികം സഭകളുണ്ടായിരുന്നു,[22] എന്നാൽ ആ ഇടവകകൾ തിരഞ്ഞെടുത്തത് അവക്ക് പ്രത്യേകതകളുണ്ടായിരുന്നതുകൊണ്ടാണ് (നമ്മുടെ ഈ കാലത്തും).

വെളിപ്പാട് പുസ്തകം പ്രത്യേകമായി ഏഴുസഭകളെയാണ് സംബോധന ചെയ്തിരിക്കുന്നതെങ്കിലും, അത് – മറ്റു പുതിയനിയമപുസ്തകങ്ങളെന്നപോലെ, പ്രത്യേക സദസ്യരെ സംബോധന ചെയ്തുവെങ്കിലും – ഉദ്ദേശിച്ചിരിക്കുന്നത് എല്ലാ സദസ്യരേയും ആണ്. അദ്ധ്യായങ്ങൾ 2 ലും 3 ലും ഓരോ അക്ഷരവും ആ സന്ദേശമാണ് വ്യക്തമാക്കുന്നത്: "ആത്മാവ് സഭകളോട് പറയുന്നത്, കേൾപ്പാൻ ചെവിയുള്ളവൻ കേൾക്കട്ടെ" (2:7). നിങ്ങളുടെ തലയുടെ വശങ്ങൾ പരിശോധിക്കുക. നിങ്ങൾക്ക് ചുരുങ്ങിയത് ഒരു ചെവിയെങ്കിലും കാണുന്നില്ലേ? എങ്കിൽ, വെളിപ്പാട് പുസ്തകം എഴുതപ്പെട്ടിരിക്കുന്നത് നിങ്ങൾക്കാണ്!

## 6. അതിന്റെ സ്വഭാവം

അദ്ധ്യായം 1 പറയുന്നതനുസരിച്ച്, വെളിപ്പാടിന്റെ ഒരുഭാഗം

വെളിപ്പെടുത്തൽ സാഹിത്യവും, വേറൊരു ഭാഗം പ്രവചനവും, ഇനിയുമൊരു ഭാഗം ലേഖനവുമാണ്:

(1) *പുസ്തകം വെളിപ്പാട് സാഹിത്യമാണ്* എന്നത്, ആദ്യത്തേതും പരമപ്രധാനവുമാണ്. ഈ പ്രയോഗത്തോടെയാണ് അത് ആരംഭിക്കുന്നത്: "യേശുക്രിസ്തുവിന്റെ വെളിപ്പാട് ..." (1:1). *അപോകാലുപ്സിസ്* എന്ന ഗ്രീക്ക് വാക്ക് തർജിമ ചെയ്തതാണ് "വെളിപ്പാട്" എന്ന വാക്ക്. ചില തർജിമകളിൽ തലവാചകം "ദ അപോകാലിപ്സ്" എന്നാണ്. അപരിചിതമായ അടയാളങ്ങളാൽ സംയോജിപ്പിക്കപ്പെട്ട പ്രത്യേകതയുള്ളതാണ് അപോകാലിപ്റ്റിക് സാഹിത്യം.

(2) പുസ്തകത്തെ *പ്രവചനം* എന്നും വിളിച്ചിട്ടുണ്ട്: "ഈ പ്രവചനത്തിന്റെ വാക്കുകളെ വായിച്ചുകേൾപ്പിക്കുന്നവനും കേൾക്കുന്നവനും അതിൽ എഴുതിയിരിക്കുന്നത് പ്രമാണിക്കുന്നവരും ഭാഗ്യവാന്മാർ" (1:3; കൂടാതെ 22:7, 10, 18, 19). പ്രവാചകന്മാർ ദൈവശ്വാസിയ വക്താക്കളായിരുന്നു, "ദൈവത്തിൽനിന്നു വരുന്ന ഏതു വാക്കും പ്രഖ്യാപിക്കും - അത് കല്പനയായാലും, നിർദ്ദേശമായാലും, ചരിത്രമായാലും, മുന്നറിയിപ്പായാലും ശരി."[23]

(3) പുസ്തകത്തിന്റേത് ഒരു *ലേഖനത്തിന്റേ*തോ അല്ലെങ്കിൽ എഴുത്തിന്റേതോ ആയ ശൈലിയാണ്. ആദ്യത്തെ പ്രസ്താവനക്കു ശേഷം ഒരു ലേഖനത്തിന്റെ തുടക്കത്തിലേക്ക് തിരിച്ചുപോകയാണ്: "യോഹന്നാൻ ആസ്യയിലെ ഏഴു സഭകൾക്കും എഴുതുന്നത്: ഇരിക്കുന്നവനും ഇരുന്നവനും വരുന്നവനുമായവങ്കൽനിന്നും നിങ്ങൾക്ക് കൃപയും സമാധാനവും ഉണ്ടാകുമാറാകട്ടെ; ..." (1:4).

പ്രവചനങ്ങളെ കുറിച്ചും ലേഖനങ്ങളെ കുറിച്ചും ഒരുപക്ഷെ നിങ്ങൾ കേട്ടിരിക്കാം. എന്നാൽ ''വെളിപ്പെടുത്തൽ ഭാഷ,'' നിങ്ങൾക്ക് അറിയില്ലായിരിക്കാം. അതുകൊണ്ട് കുറച്ച് നിമിഷങ്ങൾ എടുത്ത് അതെന്താണെന്ന് നമുക്ക് ചർച്ച ചെയ്യാം. "വെളിപ്പാടിനെ കുറിച്ച് നിങ്ങൾ അറിഞ്ഞിരിക്കേണ്ട ഏഴ് വസ്തുതകളുണ്ട്", അതായിരിക്കാം പരമ പ്രധാനമായിട്ടുള്ളത്.

"അപൊകാലിപ്റ്റിക്"[24] എന്ന വാക്ക് നിങ്ങൾക്ക് സുപരിചിതമാകേണ്ടതുണ്ട്. (ആ വാക്ക് ഉച്ചരിക്കേണ്ടത് "അപോക് - ലിപ് - റ്റിക്" എന്നാണ്. നാലാമത്തെ സ്വരാക്ഷരമായ "ലിപ്" എന്നതിനാണ് ഊന്നൽ) ഇന്ന്, "അപോകാലിപ്സ്" ഉപയോഗിക്കുന്നത് നാശത്തിന്റേയും ശൂന്യമാക്കലിന്റേയും പര്യായമായാണ്, എന്നാൽ ഗ്രീക്ക് വാക്ക് *അപോകാലുപ്സിസിന്* ആ ലക്ഷ്യാർത്ഥമില്ല. *അപോകാലുസിസിന്റെ* ലളിതമായ അർത്ഥം "അനാവരണം ചെയ്യുക" അല്ലെങ്കിൽ "വെളിപ്പെടുത്തൽ"[25] എന്നാണ്.

മുൻകാലങ്ങളിൽ അറിയാത്തതും ഇപ്പോൾ വെളിപ്പെടുത്തിയതുമായ എന്തിനേയും അടിസ്ഥാനപരമായി സൂചിപ്പിക്കുന്നതാണ് *അപോകാലുപിസിസ്* (ഗലാത്യർ 1:12; 2:2[26]). ബി.സി യുടെ അവസാന രണ്ടു നൂറ്റാണ്ടുകളും ഏ.ഡി യുടെ ഒന്നാം നൂറ്റാണ്ടിലും ഉണ്ടായിരുന്ന ഒരുതരം സാഹിത്യത്തിൽ "അപോകാലിപ്റ്റിക്" സാങ്കേതിക അർത്ഥത്തിൽ ഉപയോഗിച്ചിരുന്നു. സന്ദേശം അപരിചിതവും മനോഹരവുമായ ചിഹ്നങ്ങൾ മുഖാന്തരം ബോധ്യപ്പെടുത്തുന്ന ഒരു സ്വഭാവമായിരുന്നു അതിനുണ്ടായിരുന്നത്.[27] അപോകാലിപ്റ്റിക് സാഹിത്യത്തിൽ, ചിഹ്നങ്ങൾ സന്ദേശത്തെ വെറുതെ വിപുലമാക്കുകയല്ല; അവ തന്നെ *ആണ്* സന്ദേശം.

മിക്ക അടയാളങ്ങളും, ലോകവുമായ ബന്ധത്തിൽ സാധാരണ ചിഹ്നങ്ങൾ ആയിരുന്നില്ല. മറിച്ച്, പലതും പേടിസ്വപ്നമായി മാത്രം കാണുന്ന വിചിത്രമായ മായാരൂപങ്ങളാണ്. ഇത് അപോകാലിപ്റ്റിക് സമീപനത്തെ ഇന്നത്തെ ആളുകൾക്ക് വികൃതമാക്കുന്നു. നമ്മുടെ മാസികകൾ അപോകാലിപ്റ്റിക് ഭാഷയിലല്ല ഇറങ്ങുന്നത്; നമ്മുടെ പുസ്തകങ്ങൾ അപോകാലിപ്റ്റിക് ഭാഷയിലല്ല എഴുതുന്നത്; നമ്മുടെ വർത്തമാന പത്രങ്ങളും അപോകാലിപ്റ്റിക് ഭാഷയിലല്ല ഇറക്കുന്നത്. അതുകൊണ്ട്, ഇന്ന് നാം പ്രകൃതിദൃശ്യത്തിൽ, വർണ്ണപ്പകിട്ടുള്ള കുതിരസവാരിക്കാർ കുതിച്ചുപായുമ്പോൾ, ആകാശത്തിലെ നക്ഷത്രങ്ങളിൽ വാൽ മുട്ടുന്ന ഒരു മഹാ സർപ്പം, ഒരാളുടെ വായിൽനിന്ന് വാൾ പുറപ്പെടുന്നു എന്നെല്ലാം കേൾക്കുമ്പോൾ, നാം അന്ധാളിച്ചുപോകും!

എങ്ങനെയായാലും, ആരംഭവായനക്കാർക്ക്, അപോകാലിപ്റ്റിക് ഭാഷ അന്യമോ അസാധാരണമോ ആയിരുന്നില്ല. പഴയനിയമത്തിൽ, അപോകാലിപ്റ്റിക് ഭാഷ ഭാഗികമായി യെഹെസ്ക്കേലിന്റേയും ദാനിയേലിന്റേയും പുസ്തകത്തിലും, അങ്ങിങ്ങായി, യെശയ്യാവ്, യോവേൽ, സെഖര്യാവ് എന്നിവയിലും കാണാം. കൂടാതെ, പഴയനിയമകാലയളവിനും പുതിയനിയമകാലയളവിനും ഇടക്ക് - മലാഖിക്കും മത്തായിക്കുമിടയിലുള്ള നാനൂറ് വർഷം - ദൈവശ്വാസിയമല്ലാത്ത അപോകാലിപ്റ്റിക് എഴുത്തുകൾ ഉണ്ടായിട്ടുണ്ട്. റേ സമ്മേഴ്സ് പറഞ്ഞു,

> ക്രിസ്റ്റ്യൻ അപോകാലിപ്റ്റിക് യോഹന്നാൻ ഉപദ്രവം ഏറ്റുകൊണ്ടിരിക്കുന്ന തന്റെ കൂട്ടാളികൾക്ക് റോമിന്റെ നാശവും ദൈവനാമവിജയവും പകർന്നുകൊടുക്കുമ്പോൾ, കഴിഞ്ഞകാലത്തെ പല സുപരിചിതമായ അതിരടയാളങ്ങളും കാണിച്ച് പാത വ്യക്തമാക്കുകയായിരുന്നു. ഒരേ സ്വഭാവത്തിലുള്ള തന്റെ ബുദ്ധിമുട്ടുകൾ സൂചിപ്പിച്ച് അവർക്ക് ആത്മവിശ്വാസത്തോടുകൂടിയ ധൈര്യം അപോകാലിപ്റ്റിക് ഭാവനയിൽ പകർന്നുകൊടുത്തതു അന്നത്തെ പല ക്രിസ്ത്യാനികൾക്കും പരിചയമുണ്ടായിരുന്നു, അത് അവരുടെ സ്വന്ത മതമായ യെഹൂദമതത്തിലും അവരുടെ പൂർവികന്മാരും അനുഭവിച്ചിട്ടുണ്ട്.[28]

''ശരി, അവർ അങ്ങനെ ധാരാളം എഴുതിക്കാണും, എന്നാൽ *എന്തിന്*? എന്നതായിരിക്കാം നിങ്ങളുടെ പ്രതികരണം. തുറന്ന ഇംഗ്ലീഷ് ഭാഷയിലോ - അല്ലെങ്കിൽ ഗ്രീക്കിലോ, അല്ലെങ്കിൽ അവർ സംസാരിച്ച മറ്റേതെങ്കിലം ഭാഷയിൽ അവർക്ക് പറയുവാനുള്ളത് പറയാമായിരുന്നില്ലേ?" അപോകാലിപ്റ്റിക് ഭാഷാ സമീപനത്തിൽ ധാരാളം കാര്യങ്ങൾ അടങ്ങിയിരിക്കുന്നു. എഴുത്തുകാർ അസാധ്യമായതിന് ശ്രമിക്കുകയായിരുന്നു: മനുഷ്യരുടെ കാര്യത്തിൽ ദൈവത്തിന്റെ ഇടപെടലിനെ കുറിച്ചാണ് അവർ പറയുന്നത്. "അവർ തുടർച്ചയായി വിവരിക്കുവാനസാധ്യമായത് വിവരിക്കുവാനും, പറയുവാൻ പാടില്ലാത്തതു പറയുവാനും, പെയിന്റ് ചെയ്യുവാൻ പാടില്ലാത്തത് പെയിന്റ് ചെയ്യുവാനും ശ്രമിക്കുകയായിരുന്നു."[29] കൂടാതെ, അത് തടസം കൂടാതെ പരിചയമുള്ള ആശയവിനിമയ രീതിയിൽ മനോഹരമായ പ്രതിരൂപങ്ങളിലൂടെ അറിയിക്കാവുന്നതായിരുന്നു അപോകാലിപ്റ്റിക് ഭാഷ.

ഇത്തരം എഴുത്തുകൾ രൂപപ്പെടുവാനുള്ള കാരണം ഒരുപക്ഷെ

രാഷ്ട്രീയവും മതപരവുമായ കാലാവസ്ഥയായിരിക്കാം. അപോകാലിപ്റ്റിക് സാഹിത്യം രൂപപ്പെട്ടത് *കുഴപ്പം പിടിച്ച സമയങ്ങളിലായിരുന്നു*. ബാബേൽ പ്രവാസകാലത്തായിരുന്നു ദാനിയേൽ, യെഹെസ്ക്കേൽ എന്നീ പുസ്തകങ്ങൾ എഴുതപ്പെട്ടത്. പഴയനിയമത്തിനും പുതിയനിയമത്തിനുമിടക്ക് സിറിയക്കാരുടെ ഞെരുക്കൽ അനുഭവപ്പെട്ടപ്പോഴായിരുന്നു വേദപ്രമാണരഹിതമായ[30] നിരവധി എഴുത്തുകൾ അപോകാലിപ്റ്റിക് സാഹിത്യരൂപേണ രചിക്കപ്പെട്ടത്. വെളിപ്പാട്പുസ്തകത്തിന്റെ പശ്ചാത്തലം ക്രിസ്ത്യാനികളെ നീറോയുടേയും ഡൊമീഷ്യന്റേയും നേതൃത്വത്തിൽ ഉപദ്രവിച്ചുകൊണ്ടിരുന്നതാണ്. “പ്രയാസമുള്ള സമയങ്ങളിൽ ട്രാക്റ്റുകളായി”[31] അപോകാലിപ്റ്റികിൽ എഴുതുവാനുള്ള ഉദ്ദേശം രണ്ടാണെന്ന് പലരും വിശ്വസിക്കുന്നു: (1) ചിഹ്നങ്ങൾ ആരംഭിച്ചവർക്ക് അതിന്റെ അർത്ഥം മനസിലാകുന്ന വിധത്തിൽ സന്ദേശം *വെളിപ്പെടുത്തുക* യും (2) അതു തുടങ്ങാത്തവർക്ക് *മറഞ്ഞിരിക്കുക* യും ചെയ്യുവാൻ.[32]

വെളിപ്പാട് പുസ്തകത്തിന്റെ സന്ദേശം പരിഗണിക്കുക: ഒന്നാം - നൂറ്റാണ്ടിലെ ക്രിസ്ത്യാനികളെ ഞെരുക്കിക്കൊണ്ടിരുന്ന, റോമാചക്രവർത്തി അവസാനം വീഴും എന്ന് അവർക്ക് ഉറപ്പു കൊടുത്തു. ആ സന്ദേശം റോമൻ ഉദ്യോഗസ്ഥർക്ക് മനസിലായാൽ എന്തായിരിക്കും സംഭവിക്കുക? ആദ്യം തന്നെ, പുസ്തകത്തിന്റെ പകർപ്പ് പത്മൊസിൽനിന്ന് പുറത്തുകടത്തുവാൻ യോഹന്നാനെ അനുവദിക്കുമായിരുന്നില്ല (1:11), കാരണം അന്നുമതെ (ഇന്നുമതെ) തടവുകാരുടെ എല്ലാ എഴുത്തുകുത്തുകളും പരിശോധിക്കുമായിരുന്നു. രണ്ടാമതായി, റോമൻ അധികാരികൾ ആ സന്ദേശം വിസ്തൃതമായി വിതരണം ചെയ്യുവാനും അനുവദിക്കുമായിരുന്നില്ല; അവർക്ക് കിട്ടാവുന്ന കോപ്പികളെല്ലാം അവർ കണ്ടുകെട്ടും. മൂന്നാമതായി, വിചാരണ നേരിടുന്ന ക്രിസ്ത്യാനികളെ രാജ്യദ്രോഹകുറ്റം ചുമത്തുന്നതിനുള്ള തെളിവായി അത്തരം രേഖ എടുക്കാവുന്നതാണ്. അത് അങ്ങനെ ആയിരുന്നതുകൊണ്ട്, വെളിപ്പാട് പുസ്തകത്തിന്റെ കയ്യെഴുത്ത് പ്രതികൾ റോമൻ ഉദ്യോഗസ്ഥരുടെ കയ്യിൽ കിട്ടിയാൽ, അവർ ഒന്ന് ഓടിച്ചുനോക്കിയിട്ട് വായിക്കുവാൻ പറ്റാതെ, “ക്രിസ്ത്യാനികളധികവും നിരർത്ഥകരാണ്” എന്ന് പറഞ്ഞ് അതിനെ തള്ളിക്കളയുന്നത് എനിക്ക് ഊഹിക്കുവാൻ കഴിയും.[33]

അപോകാലിപ്റ്റിക് സാഹിത്യത്തെ കുറിച്ച് ഇനിയും കൂടുതൽ പറയുവാൻ കഴിയും. ഇപ്പോൾ ഈ ചിന്ത നിങ്ങളുടെ മനസിൽ സൂക്ഷിക്കുക: അപോകാലിപ്റ്റിക് സാഹിത്യത്തിൽ, സന്ദേശം *ചിഹ്നങ്ങളിലൂടെ*യാണ് ബോധ്യമാക്കുന്നത്.

### 7. മനസിലാക്കുവാനുള്ള അതിന്റെ കഴിവ്

വെളിപ്പാട് നാം മനസിലാക്കണമെന്ന് ദൈവം പ്രതീക്ഷിക്കുന്നു - ചുരുങ്ങിയത് അതിന്റെ അടിസ്ഥാന സന്ദേശങ്ങൾ. ദാനിയേലിന്ന് വെളിപ്പാട് കൊടുത്തു തീരാറായപ്പോൾ, അവനോട് പറഞ്ഞു, “അന്ത്യകാലം വരെ ഈ വചനങ്ങളെ അടെച്ച് പുസ്തകത്തിന്ന് *മുദ്രയിടുക* ...” (വെളിപ്പാട് 12:4; എംഫസിസ് മൈൻ). ദാനിയേലിന്റെ പ്രവചനങ്ങൾ പലതും വിദൂരഭാവിയിൽ നിറവേറുവാനിരുന്നതുകൊണ്ട്,[34] പ്രവാചകന്റെ കാലയളവിൽ ജീവിച്ചിരുന്നവർക്ക് ആ പുസ്തകം മനസിലാക്കേണ്ടതില്ലായിരുന്നു (ദാനിയേൽ 8:27 നോക്കുക). അതിന് വിപരീതമായി, യോഹന്നാനോ

ട് കല്പിച്ചു, "സമയം അടുത്തിരിക്കയാൽ, ഈ പുസ്തകത്തിലെ പ്രവചനം *മുദ്രയിടരുത്*" (വെളിപ്പാട് 22:10; എംഫസിസ് മൈൻ). വെളിപ്പാട് പുസ്തകത്തിന്റെ നിറവേറൽ ഉടനെ സംഭവിക്കേണ്ടതായിരുന്നു (1:1, 3), അത് വായിച്ചവർ മനസിലാക്കുകയും ചെയ്തു (13:18 നോക്കുക).

അതിനർത്ഥം പുസ്തകത്തിലെ എല്ലാം നമുക്ക് മനസിലാകും എന്നല്ല. അദ്ധ്യായം 10-ൽ ഏഴ് ഇടിമുഴക്കത്തെ കുറിച്ച് സംസാരിച്ചു. അവർ പറഞ്ഞു കേട്ടത് യോഹന്നാൻ എഴുതുവാൻ തുടങ്ങിയപ്പോൾ, "സ്വർഗത്തിൽനിന്ന് ഒരു *ശബ്ദം*, പറഞ്ഞു കേട്ടതു, 'ഏഴ് ഇടിമുഴക്കം കേട്ടത് *മുദ്രയിട്ടേക്ക*, എഴുതരുത് എന്നായിരുന്നു' " (വെളിപ്പാട് 10:4; എംഫസിസ് മൈൻ). ആ വേദഭാഗം ബൈബിളിൽ വെച്ചിരിക്കുന്നത് ഇപ്പോഴും നമുക്കറിയാൻ പാടില്ലാത്തതും ഒരിക്കലും അറിയാത്തതുമായ ചില കാര്യങ്ങൾ ഉണ്ട് എന്നു നമ്മെ ബോധ്യപ്പെടുത്തുവാനായിരിക്കാം (ആവർത്തനപുസ്തകം 29:29).

എങ്കിലും, വെളിപ്പാട് പുസ്തകത്തിലെ ചില കാര്യങ്ങൾ മനസിലാക്കുവാൻ നമുക്ക് കഴിയും, അത് നാം മനസിലാക്കണമെന്ന് ദൈവം പ്രതീക്ഷിക്കയും ചെയ്യുന്നു. പുസ്തകം ഒരു "വെളിപ്പാടായിട്ടാണ്" ദൈവം ഉദ്ദേശിച്ചത് അല്ലാതെ "മുദ്രയിടൽ" ആയിട്ടല്ല. പുസ്തകത്തിലെ മുഖ്യമായ ഉപദേശങ്ങൾ നമുക്ക് മനസിലായില്ലെങ്കിൽ "ആ പ്രവചനപുസ്തകത്തിലെ വാക്കുകൾ വായിക്കുന്നവനും വായിച്ചു കേൾപ്പിക്കുന്നവനും ഭാഗ്യവാൻ" എന്ന വാഗ്ദാനം നമുക്ക് ലഭിക്കാതെ പോകും (1:3). നാം പഠിക്കുവാൻ ദൈവം പ്രതീക്ഷിക്കുന്ന പാഠങ്ങൾ മനസിലാക്കുക എന്നതാണ് ഈ പാഠത്തിലെ നമ്മുടെ വെല്ലുവിളി.

## ഉപസംഹാരം

അനേകം വർഷങ്ങൾക്ക് മുൻപ്, ഒരു യുവക്രിസ്ത്യാനി, വെളിപ്പാട്പുസ്തകത്തെ കുറിച്ച് ഒരു ക്ലാസ് എടുക്കുവാൻ എന്നോട് ആവശ്യപ്പെട്ടു. ആ പുസ്തകം പഠിക്കുവാനുള്ള താൽപര്യം അയാൾ കൂടെ കൂടെ എന്നെ ഓർപ്പിച്ചുകൊണ്ടിരുന്നു. അവസാനം ക്ലാസ് തുടങ്ങി ഏതാനും ആഴ്ച്ചകൾ കഴിഞ്ഞപ്പോൾ അയാൾ മുഖം വീർപ്പിച്ചുകൊണ്ട് എന്റെ അടുത്തുവന്നു. നിറഞ്ഞ നിരാശയോടെ, അയാൾ പറഞ്ഞു, "അത് വളരെ പ്രയാസമുള്ള *താണ്*, അല്ലേ?"

പകുതിമനസോടെ വരുന്നവർക്ക് പകർന്നു കൊടുക്കുന്ന ഒരു നിധിയല്ല വെളിപ്പാട്. നിങ്ങൾ സാധാരണ ബൈബിൾ ക്ലാസിൽ പകുതി ശ്രദ്ധിക്കയും/പകുതി ശ്രദ്ധിക്കാതിരിക്കയും ചെയ്താൽ പോലും, കുറെയൊക്കെ വിലയുള്ള കാര്യങ്ങൾ നിങ്ങൾക്ക് അതിൽനിന്നു കിട്ടും, എന്നാൽ വെളിപ്പാട് പുസ്തക പഠനം അങ്ങനെയുള്ളതല്ല. പഠനംകൊണ്ട് നിങ്ങൾക്ക് പ്രയോജനം ലഭിക്കണമെങ്കിൽ, നിങ്ങൾ പരിശ്രമിക്കണം. ഞാൻ നിങ്ങളെ നിരുൽസാഹപ്പെടുത്തുന്നതിനല്ല ഇതു പറഞ്ഞത്, മറിച്ച് ആ മനോഹരപുസ്തകം വായിച്ച് ഗ്രഹിച്ച് നിങ്ങൾ ഭാഗ്യവാനാകുവാനാണ് ഞാൻ പറഞ്ഞത്. നിങ്ങൾ അങ്ങനെ ചെയ്താൽ, അതുനിമിത്തം നിങ്ങൾ എപ്പോഴും സന്തോഷിക്കും!

---

## ഉപദേഷ്ടാക്കന്മാർക്കും പ്രാസംഗികർക്കുമുള്ള കുറിപ്പുകൾ

പാഠങ്ങളുടെ ഇടക്കിടക്ക്, ആർട്ട് വർക്ക് ചേർത്തിട്ടുണ്ട്. നിങ്ങൾക്ക് വേണമെങ്കിൽ അവ വലുതാക്കി പേപ്പറിലോ, ബോർഡിലോ പകർപ്പ് എടുത്ത്,

ദൃശ്യസഹായി ആയി ഉപയോഗിക്കാം.

നിങ്ങളുടെ പാഠത്തോട് ചേർക്കുവാനായി പാഠ്യപദ്ധതിയിലധികവും ബാഹ്യരൂപരേഖ ആയി പ്രദർശിപ്പിക്കാവുന്നതാണ്. ഉദാഹരണത്തിന്, യോഹന്നാൻ എഴുതിയ മറ്റു പുസ്തകങ്ങളുടേയും വെളിപ്പാടിന്റേയും ശൈലി യിലെ വ്യത്യാസം കാണിക്കുന്ന ഒരു ചാർട്ട് ഇതാ:

**എന്തുകൊണ്ട് ശൈലിയിൽ വ്യത്യാസം?**

*ഉള്ളടക്കത്തിൽ ഒരു വ്യത്യാസം* -

ദർശനങ്ങൾ, ചിഹ്നങ്ങൾ

*അനുഭവത്തിൽ ഒരു വ്യത്യാസം* -

വൈകാരികമായ ഒരു സന്ദർഭം;

വെളിപ്പാട് ഒരുപക്ഷെ "അവിടെ വെച്ച്" എഴുതിയതാകാം *നടപടിയിൽ ഒരു വ്യത്യാസം* -

മറ്റു എഴുത്തുകൾ:

യോഹന്നാൻ ഒരുപക്ഷെ എഴുത്തുകാരനെക്കൊണ്ട് എഴുതിച്ചിരിക്കാം.

വെളിപ്പാട്:

ഈ പുസ്തകം ഒരുപക്ഷെ യോഹന്നാൻ തന്നെ എഴുതിയതാവാം.

*രൂപത്തിൽ ഒരു വ്യത്യാസം?*

ശൈലി വ്യത്യാസം മനപ്പൂർവ്വമായിരിക്കാം.

ആദ്യത്തേതും, ഏറ്റവും പ്രധാനപ്പെട്ടതുമായ അപോകാലിപ്റ്റിക് സാഹിത്യമാണ് വെളിപ്പാട് എന്ന വസ്തുത പരിചയപ്പെടുത്തുവാൻ ഒരു പോസ്റ്ററിന് പറ്റിയ ചില വിവരങ്ങൾ ഇതാ.

**പുസ്തകത്തിന്റെ സ്വഭാവം**

*അപോകാലിപ്റ്റിക് സാഹിത്യം* - ഭാവിയെക്കുറിച്ചുള്ള ആലങ്കാരിക ഉപദേശം

*പ്രവചനം* - വർത്തമാനകാലത്തേക്കുള്ള ശ്വാസിയ ഉപദേശം

*ലേഖനം - വ്യക്തിപരമാക്കുന്നതിന്*, ലേഖനം ഒരു

പ്രത്യേക സദസിനുള്ളതാണ്

ഈ പാഠ്യപദ്ധതി നിങ്ങൾ പഠിക്കുമ്പോൾ, നിങ്ങൾ നിങ്ങളോട് തന്നെ ചോദിക്കുക: "എന്റെ വിദ്യാർത്ഥികൾ ഇത് കൂടുതൽ മനസിലാക്കുവാൻ ഈ വിവരണങ്ങൾ എങ്ങനെ ഒരു ചാർട്ടിൽ ആക്കും?"

പാഠത്തിന്റെ ആരംഭത്തിൽ പറഞ്ഞതുപോലെ, ഞാൻ വെളിപ്പാടിലെ വേദഭാഗത്തേക്ക് പ്രവേശിക്കുന്നതിന് മുൻപ് ശക്തമായ ഒരു അടിത്തറയിടുവാനാണ് ആഗ്രഹിക്കുന്നത്. ഒരു ക്ലാസിൽ വളരെ പ്രയോജനം ചെയ്യും; വെളിപ്പാടിനെ കുറിച്ച് ഒരു പ്രസംഗപരമ്പര നടത്തുവാനാണ് നിങ്ങൾ ആഗ്രഹിക്കുന്നതെങ്കിൽ അത് പ്രയോജനകരമായിരിക്കണമെന്നില്ല. ഈ പാഠ്യപദ്ധതി നിങ്ങൾ പ്രസംഗങ്ങളിൽ ഉപയോഗിക്കുകയാണെങ്കിൽ, ഒന്നുമുതൽ മൂന്നുവരെയുള്ള പാഠങ്ങളിലെ സങ്കീർണ്ണമായ മുഖവുര നിങ്ങൾക്ക് വേണമെങ്കിൽ അവതരിപ്പിക്കാം. പിന്നെ നിങ്ങൾ വേദഭാഗം പ്രസംഗിക്കുമ്പോൾ ശേഷം പശ്ചാത്തലം ഉപയോഗിക്കാം. ഉദാഹരണത്തിന്, അദ്ധ്യായം 1 നിങ്ങൾ പ്ര

സംഗിക്കുമ്പോൾ, ആരാണ് പുസ്തകത്തിന്റെ ശരിയായ ലേഖകൻ എന്നും, പകർപ്പെഴുത്തുകാരൻ ആരാണ് എന്നും, ആർക്കാണ് പുസ്തകം എഴുതിയത് എന്നും, മറ്റു ആമുഖവിവരണങ്ങളും ഉൾപ്പെടുത്താം.

---

കുറിപ്പുകൾ

[1]എൻകെജെവിയിൽ "ദ റെവെലേഷൻ ഓഫ് ജീസസ് ക്രൈസ്റ്റ്" എന്നാണ്. [2]അപ്പൊസ്തലനായ യോഹന്നാനെ നിങ്ങൾ പഠിപ്പിക്കുന്നവർക്ക് പരിചയമില്ലെങ്കിൽ, കുറച്ച് സമയമെടുത്ത് യോഹന്നാന്റെ ജീവിതത്തെ അവലോകനം ചെയ്യുക. [3]യോഹന്നാൻ എന്ന പേർ ഇന്നു സാധാരണയായിരിക്കുന്നതുപോലെ ആയിരുന്നേക്കാം അന്നും, എന്നാൽ പുതിയനിയമത്തിൽ അപ്പൊസ്തലനായ യോഹന്നാൻ എന്നും (മത്തായി 4:21-ൽ ആദ്യം പേർ പറഞ്ഞിരിക്കുന്നു) ജോൺ മാർക്ക് (പ്രവൃത്തികൾ 12:12) എന്നും രണ്ട് ക്രിസ്തീയ യോഹന്നാന്മാരെയാണ് പറഞ്ഞിട്ടുള്ളത്. [4]മറ്റു സമാന തകളും ചൂണ്ടിക്കാണിക്കാം: വെളിപ്പാട് 1:1 ഉം യോഹന്നാൻ 17:7, 8 മായി താരതമ്യം ചെയ്യുക (കൂടാതെ യോഹന്നാൻ 5:19, 20; 7:16 ഉം നോക്കുക). യോഹന്നാൻ 7:37/ വെളിപ്പാട് 22:17; യോഹന്നാൻ 10:18/വെളിപ്പാട് 2:27; യോഹന്നാൻ 20:12/വെളിപ്പാട് 3:4; യോഹന്നാൻ 21:24/വെളിപ്പാട് 22:8 താരതമ്യം ചെയ്യുക. [5]പൗലൊസ് പറഞ്ഞുകൊടുത്ത് ഒരെഴുത്തുകാരനെക്കൊണ്ട് എഴുതിക്കയായിരുന്നു (റോമർ 16:22). അവൻ സ്വന്തകൈകൊണ്ട് എഴുതുമ്പോൾ, അവൻ അതു പറഞ്ഞിട്ടുണ്ട് (ഗലാത്യർ 6:11). [6]പത്രൊസ് തന്റെ ആദ്യ ലേഖനം ശിലാസിനെക്കൊണ്ടാണ് എഴുതിച്ചത് (1 പത്രൊസ് 5:12). [7]ആ ലേഖനം എഴുത്തുകാരുടെ സാങ്കേതിക പേർ "അമാനുവെൻസിസ്" എന്നായിരുന്നു. കൂടുതൽ സുപരിചിതമായ പേരുകൾ "സെക്രട്ടറി," "ശാസ്ത്രി," "സാഹിത്യസഹായി" എന്നിവയാണ്. [8]തീർച്ചയായും അവയെല്ലാം, നടന്നത് പ രിശുദ്ധാത്മനിയോഗത്താലായിരുന്നു, അതുകൊണ്ട്, അന്തിമഫലം ദൈവം ഇച്ഛിച്ചതു തന്നെയായിരുന്നു. [9]ആസ്റ്റിൻ ഫെയറർ, *ദ റെവെലേഷൻ ഓഫ് സെന്റ്. ജോൺ ദ ഡിവൈൻ* (ലണ്ടൻ: ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി പ്രസ്, 1964), 50. [10]ലെയോൺ മോറിസ്, റെവെലേഷൻ, റെവ. എഡി., ദ ടിൻഡെയിൽ ന്യൂടെസ്റ്റമെന്റ് കമെന്ററീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയു എം. ബി. എഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1987), 31.

[11]ദൈവശ്വാസിയമായവയിൽ വ്യാകരണത്തിലെ ''മിസ്റ്റേക്സും'' "എറേഴ്സും" നോക്കുന്നത് അനുചിതമായിരിക്കും. വ്യാകരണ "നിയമങ്ങൾ" മനുഷ്യരുണ്ടാക്കിയതാണ്, അല്ലാതെ ദൈവ - ശ്വാസീയമല്ല. എന്റെ പരമ്പരയിലെ വ്യാകരണത്തെറ്റുകൾ പ്രസാധകർക്ക് ചൂണ്ടിക്കാണിക്കാം. പക്ഷെ പരിശുദ്ധാത്മാവിന്റെ എഴുത്തുകളിൽ അത് പാടില്ല. [12]"ഏത് യോഹന്നാൻ?" എന്ന ചോദ്യത്തിനുള്ള ഉത്തരം, തീർച്ചയായും, യേശുവിന്റെ ഗുണം ലഭിക്കുന്നതിന് വലിയ പ്രശ്നമല്ല. എബ്രായലേഖനം എഴുതിയത് ആരാണെന്ന് നമുക്ക് തീർച്ചയില്ല, എങ്കിലും അതിന്റെ ഉപദേശങ്ങളുടെ ഫലത്തിൽ ഒരു കുറവും വരുന്നില്ല. [13]റോമാ ചക്രവർത്തിയെ ചൂണ്ടിക്കാണിക്കുന്ന പല "സൂചനകളും," വെളിപ്പാടുപുസ്തകത്തിലുള്ളത്, പിന്നീട് വരുന്ന പാഠങ്ങളിൽ നമുക്ക് കാണുവാൻ കഴിയും. [14]"പ്രധാനപ്പെട്ട ചിഹ്നങ്ങളും അതിശയിപ്പിക്കുന്ന അടയാളങ്ങളും" എന്ന പിന്നീട് വരുന്ന പാഠത്തിലെ റോമാ ചക്രവർത്തിയുടെ ചരിത്രാവലോകനം നോക്കുക. [15]വെളിപ്പാട് പുസ്തകം

എഴുതപ്പെട്ടത് വെസ്പേഷ്യന്റെ വാഴ്ച്ചക്കാലത്താണെന്നും (ഏ. ഡി. 69-79) അതു സൂചിപ്പിക്കുന്നത് വെസ്പേഷ്യന്റെ മുൻഗാമിയായിരുന്ന നീറോയുടെയും, വെസ്പേഷ്യന്റെ മകൻ ഡൊമീഷ്യന്റെയും ഉപദ്രവത്തെ എടുത്തുകാണിക്കുന്നു എന്നും ചിലർ വിശ്വസിക്കുന്നു. ആ കാഴ്ച്ചപ്പാട് യോഹന്നാൻ ഏഴു തലകളുള്ള ഒരു കടൽ ജീവിയെ പ്രത്യേകമായി "വിവരിക്കുന്നതു" കൊണ്ടുണ്ടായതാകാം (13:1; 17:9-11). 17:9-11 ന്റെ ഏതു വ്യാഖ്യാനത്തിനും അതിന്റേതായ വിഷമമുണ്ട്. ഏത് തീർപ്പിന്റേയും അടിസ്ഥാനമാക്കേണ്ടതെന്ന സംശയാസ്പദമായ വേദഭാഗമാണ്. [16]ഐറേനിയസ് *എഗെൻസ്റ്റ് ഹെറെസീസ്* 5.30. [17]ഒന്നോ അല്ലെങ്കിൽ രണ്ടോ വിശദീകരണത്തെ എഴുതിയ കൃത്യമായ തീയതി ബാധിച്ചെന്നു വരാം. എന്നാൽ പുസ്തകത്തിന്റെ മൊത്തത്തിലുള്ള സന്ദേശത്തെ ഒന്നാം - നൂറ്റാണ്ടിലെ ക്രിസ്ത്യാനികളെയോ, ഇന്നത്തെ ക്രിസ്ത്യാനികളെയോ ബാധിക്കുന്നില്ല. [18]ഈ പുസ്തകത്തിൽ അവസാനം വരുന്ന "ആസ്യയിലെ ഏഴ് സഭകളും പത്മൊസ് ദ്വീപും" എന്ന ചിത്രം നോക്കുക. [19]റോബർട്ട് മൗൺസ്, നോട്ട്സ് ഓൺ ദ ബുക്ക് ഓഫ് റെവെലേഷൻ, *ദ എൻഐവി സ്റ്റഡി ബൈബിൾ*, ജെന. എഡി. കെന്നെത്ത് ബാർക്കർ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ പബ്ലിഷിങ്ങ് ഹൗസ്, 1985), 1926. [20]ഡബ്ലിയു. എം. രാംസേ, *ദ ലെറ്റർ ടു ദ സെവെൻ ചർച്ചസ് ഓഫ് ഏഷ്യാ*, വില്യം എം. രാംസേ, ലൈബ്രറി, വാല്യം, 10 (എൻ.പി., 1904; റീപ്രിന്റ്, ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1979), 85. ഈ പുസ്തകം എഴുതുമ്പോൾ യോഹന്നാന് വളരെ പ്രായമുണ്ടായിരുന്നു; അവനെ പത്മൊസ് ദ്വീപിലെ ഖനിയിൽ നിർബ്ബന്ധിച്ച് ജോലി ചെയ്യിച്ചിരുന്നോ എന്ന് നമുക്ക് അറിയില്ല.

[21]ഇടവകകൾ കൂടിവന്നിരുന്ന സ്ഥലങ്ങൾ അറിയുവാൻ ആ ഏഴു പട്ടണങ്ങൾ സ്ഥിതിചെയ്തിരുന്ന സ്ഥാനങ്ങൾ ചിത്രത്തിൽനിന്ന് നോക്കി കാണുക. [22]ആസ്യ പ്രവിശ്യയിൽ വേറെ ഇടവകകൾ കൂടി വന്നിരുന്നത് ത്രോവാസ്, കൊലൊസ്യ, ലവൊദിക്യ എന്നീ സ്ഥലങ്ങളിലായിരുന്നു (പ്രവൃത്തികൾ 20:6, 7; കൊലൊസ്യർ 1:2; 4:16). [23]മൗൺസ്, 1926. [24]"അപ്പോക്രിഫാ" അർത്ഥം "മറെച്ചു വെച്ച" എന്നതുമായി ആ വാക്ക് തെറ്റിദ്ധരിക്കരുത്. ബി. സി. 200 നും ഏ.ഡി. 100 നും ഇടക്ക് ദൈവശ്വാസിയമല്ലാതെ ഉത്ഭവിച്ച രേഖകളെയാണ് "അപ്പോക്രിഫാ" എന്നു വിളിക്കുന്നത്. [25]"കവർ" എന്നും "ഫ്രം" അല്ലെങ്കിൽ "എവേ" എന്നുമുള്ള വാക്കുകൾക്കുള്ള ഗ്രീക്ക് വാക്കുകൾ സംയോജിപ്പിച്ചതാണ് അത്, അതുകൊണ്ട് അക്ഷരികമായി അർത്ഥം "അനാവരണം" എന്നാണ്. [26]മറ്റു ഉദാഹരണങ്ങൾക്ക് റോമർ 2:5; 16:25; 1 കൊരിന്ത്യർ 14:6; എഫെസ്യർ 3:3; 1 പത്രൊസ് 1:7, 13; 4:13. [27]"ഇവിടെ ഇതാ മഹാ സർപ്പം!" എന്ന പാഠത്തിൽ വിവരിച്ചിരിക്കുന്ന "ചിഹ്നങ്ങൾ" നിർവ്വചിച്ചിരിക്കുന്നതു നോക്കുക. [28]റേ സമ്മേഴ്സ്, *വർതി ഈസ് ദ ലാമ്പ്* (നാഷ്വിലേ, ബ്രോഡ്മാൻ പ്രസ്, 1951), 16. [29]വില്യം ബാർക്ലേ, *ദ റെവെലേഷൻ ഓഫ് ജോൺ*, വാല്യം, 1, റെവ. എഡി., ദ ഡെയ്‌ലി സ്റ്റഡി ബൈബിൾ സീരീസ് (ഫിലദെൽഫിയ വെസ്റ്റ് മിനിസ്റ്റർ പ്രസ്, 1976), 4. [30]ഈ പുസ്തകത്തിൽ പിന്നീട് വരുന്ന "വേദപ്രമാണത്തെ സംബന്ധിച്ച ചോദ്യം" എന്ന അനുബന്ധലേഖനം നോക്കുക.

[31]എഡ്വേർഡ് എ. മാക്ഡവെൽ, *ദ മീനിങ്ങ് ആന്റ് മെസേജ് ഓഫ് ദ ബുക്ക് ഓഫ് റെവെലേഷൻ* (നാഷ്വിലേ, ബ്രോഡ്മാൻ പ്രസ്, 1951), 7. [32]യേശുവിന്റെ ഉപമകളുടെ ഉദ്ദേശത്തെ കുറിച്ച് നിങ്ങളുടെ വിദ്യാർത്ഥികൾക്ക് പരിചയമുണ്ടെങ്കിൽ, നിങ്ങൾക്ക് ഇവിടെ ഒരു സമാനത വരക്കാം. യേശു ഉപമകളിൽ സംസാരിച്ചത്, സന്ദേശം ലളിതമാക്കുന്നതിനാണ് എന്ന് നാം പലപ്പോഴും പറയാറുണ്ട്, അതായത്, തന്റെ സന്ദേശം *വെളിപ്പെടുത്തു*വാൻ. അത് അങ്ങനെയായിരുന്നുവെങ്കിൽ, അവൻ ഉപമകളായി സംസാരിച്ചത്, സന്ദേശം മനസിലാക്കുവാൻ തയ്യാറാകാത്തവർക്ക്

*മറെച്ചുവെക്കു*ന്നതിനുകൂടെയാണ് അവൻ എന്നും പറയാം (മത്തായി 13:10-17 നോക്കുക). [33]അപോകാലിപ്സിന്റെ ഉദ്ദേശം "മറെച്ചുവെക്കൽ" ആണെന്നതിന് സ്പഷ്ടമായ ഒഴികഴിവാണ് അദ്ധ്യായം പതിനേഴിൽ കാണുന്നത്. "ഭൂരാജാക്കന്മാർ വാഴുന്ന മഹാനഗരം" ആയിട്ടാണ് "മഹതിയാം ബാബിലോണിനെ" പറഞ്ഞിരിക്കുന്നത് (വാ. 18), അത് "ഏഴ് പർവ്വതങ്ങളിന്മേൽ ഇരിക്കുന്നു" (വാ. 9) - സൂചിപ്പിക്കുന്നത് റോമാ നഗരത്തെയാണ്. പോയിന്റ് വളരെ പ്രാധാന്യമുള്ളതായതുകൊണ്ട് ആ പ്രത്യേക അലങ്കാരത്തെ മറ കൂടാതെ വ്യക്തമാക്കിയിരിക്കുകയാണ്. [34]ഉദാഹരണത്തിന്, ഭാവികാലത്ത് സംഭവിപ്പാനുള്ളത് ദാനിയേൽ മുന്നറിയിച്ചതാണ് സഭ/രാജ്യം സ്ഥാപനം.

---

## പുനരവലോകനത്തിനും ചർച്ചക്കുമുള്ള ചോദ്യങ്ങൾ

1. പുസ്തകത്തിന്റെ ശരിയായ ലേഖകൻ ആർ (1:1-ൽ പ്രകടിപ്പിച്ചിരിക്കു ന്നത്)? വേറൊരു വിധത്തിൽ ചോദിച്ചാൽ ഇത് ആരുടെ വെളിപ്പാ ടാണ്?
2. വെളിപ്പാട് എഴുതിയത് ആർ (1:1)?
3. യോഹന്നാൻ എഴുതിയ മറ്റുപുസ്തകങ്ങളുടേയും വെളിപ്പാട് പുസ്ത കത്തിന്റേയും ശൈലി വ്യത്യാസത്തിന് സാധ്യതയുള്ള ചില കാരണ ങ്ങൾ.
4. വെളിപ്പാട് എഴുതിയ തീയതി (കൾ) പാഠം നൽകുന്നത് ഏതാണ്?
5. ആ സമയത്തെ റോമാ ചക്രവർത്തി ആരായിരുന്നു?
6. തനിക്ക് വെളിപ്പാട് ലഭിച്ചപ്പോൾ യോഹന്നാൻ എവിടെ ആയിരുന്നു?
7. പുസ്തകം സംബോധന ചെയ്തിരിക്കുന്നത് ആർക്കാണ്?
8. പ്രാഥമികമായി, വെളിപ്പാട് പുസ്തകം ഏതു തരത്തിലുള്ള സാഹിത്യമാണ് (1:1-ൽ പ്രയോഗിച്ചത് പോലെ)?
9. അപോകാലിപ്റ്റിക് ഭാഷയിൽ സന്ദേശം എന്തു മുഖാന്തരമാണ് ബോധ്യമാക്കിയിരുന്നത്?
10. ഏതു തരം സാമൂഹ്യസാഹചര്യത്തിലാണ് അപോകാലിപ്റ്റിക് ഭാഷ എഴുതിയിരുന്നത്?
11. രണ്ട് ഉദ്ദേശങ്ങൾക്കാണ് മുഖ്യമായി അപോകാലിപ്റ്റിക് ഭാഷ ഉപ യോ ഗിച്ചിരുന്നത്. അത് ഏതെല്ലാമായിരുന്നു?
12. നാം വെളിപ്പാട് പുസ്തകം മനസിലാക്കണമെന്ന് ദൈവം പ്രതീക്ഷിക്കുന്നുണ്ടോ? അതിനർത്ഥം നമുക്ക് (അറിയേണ്ടത്) വെളിപ്പാട് പുസ്ത കത്തിലെ *എല്ലാം* അറിയുവാൻ കഴിയും എന്നാണോ?

---

## വേദപ്രമാണത്തെ കുറിച്ചുള്ള ചോദ്യം

വെളിപ്പാട് പുസ്തകം സഭകളിൽ വിതരണം ചെയ്യുവാൻ തുടങ്ങിയതുമുതൽ, അപ്പൊസ്തലനായ യോഹന്നാന്റെ പേനയിൽനിന്നു വന്ന ആധികാരികരേഖയായി അംഗീകരിക്കപ്പെട്ടിരുന്നു. ദൈവശ്വാസിയ പുതിയനിയമപുസ്തകശേഖരങ്ങളിൽ ആദ്യത്തേതായിരുന്നു അത്. ഏതാണ്ട് 165-ൽ തെയോഫിലോസ് അത് വേദപ്രമാണത്തിൽ ഉൾപ്പെടുത്തിയിരുന്നു.[1] അതിനെ കുറിച്ച് മുറാറ്റോറിയം കാനോൻ (സി. 170) സൂചിപ്പിച്ചിട്ടുണ്ട്.

ആദ്യ സഭാദ്ധ്യക്ഷന്മാർ, എല്ലാവരും അല്ലെങ്കിൽ, മിക്കപേരും അതിൽനിന്ന് ഉദ്ധരിച്ചിട്ടുണ്ട്. ഏൾ പാമർ ഇങ്ങനെ നിരീക്ഷിക്കയുണ്ടായി,

> ... പുരാതന സഭയിൽ മറ്റേതൊരു പുതിയനിയമപുസ്തകങ്ങളേക്കാളും പല ഉറവിടങ്ങളും സാക്ഷ്യപ്പെടുത്തിയിട്ടുള്ളത് വെളിപ്പാട് പുസ്തകമാണ്. വെളിപ്പാട് പുസ്തകം വേദപ്രമാണത്തിന്റെ ഭാഗമാണെന്ന് വിശ്വസിക്കത്തക്ക തെളിവുകൾ നമുക്ക് ആരംഭസഭയിൽനിന്നു ലഭിച്ചതുകൊണ്ട് അതിനെ വിസ്തൃതമായി പിന്താങ്ങിയിട്ടുണ്ട്.[2]

കുറെ കഴിഞ്ഞ്, ചില എഴുത്തുകാർ വ്യക്തിപരമായ കാരണങ്ങളാൽ, പുസ്തകത്തെ ത്യജിച്ചിട്ടുണ്ട് (ഉദാഹരണത്തിന്, അലങ്കാരം നിരാശപ്പെടുത്തുന്നു എന്നാണ് അവർ കണ്ടെത്തിയത്), അതിന്റെ ശൈലിയും മറ്റൊരു കാരണമാണ്. എങ്ങനെയായാലും, പ്രാരംഭ സഭ, അതു മൊത്തത്തിൽ, ചോദ്യം ചെയ്യാതെ ദൈവശ്വാസിയ വചനമായി അംഗീകരിച്ചിരുന്നു.

എഴുത്തുകാരൻ അധികാരത്തോടെയാണ് എഴുതിയതെന്ന് സമ്മതിക്കാതെ നിങ്ങൾക്ക് വെളിപ്പാട് പുസ്തകം വായിക്കുവാൻ സാധ്യമല്ല (1:1–3; 22:18, 19), സംശയിക്കാതെ പുസ്തകത്തെ സ്വീകരിക്കും. ആദ്യസഭയും, അപ്പൊസ്തലനായ പൗലൊസ് അത് എഴുതി എന്നറിയുന്നവരും അത് സ്വീകരിക്കയുണ്ടായി. ആ വാല്യം തീർച്ചയായും "യേശുക്രിസ്തുവിന്റെ വെളിപ്പാട്" ആയി അവന്റെ പ്രിയശിഷ്യനായ യോഹന്നാൻ എഴുതി രേഖപ്പെടുത്തി എന്നതിന്റെ തെളിവാണ് ആ വസ്തുതകൾ നൽകുന്നത്.

---

കുറിപ്പുകൾ

[1]"സ്റ്റാൻഡേർഡ്" അല്ലെങ്കിൽ "റൂൾ" എന്ന വാക്കിനു വേണ്ടി ലാറ്റിനിൽ നിന്നു വന്ന വാക്കായിരുന്നു "കാനൻ," അത് ഉപയോഗിച്ചത് ദൈവശ്വാസിയ തിരുവെഴുത്താണെന്ന് സൂചിപ്പിക്കുന്നതിനായിരുന്നു. മനുഷ്യനിർമ്മിതമായ ഏതെങ്കിലും ആലോചനയെ തീരുമാനിക്കുന്നതായിരുന്നില്ല അത്, ഒരു അപ്പൊസ്തലനുമായി സംബന്ധത്തിന്റേയും, അവരുടെ ആത്മീയമായ തൃപ്തിയുടേയും, അവർക്ക് ക്രിസ്തുവിന്റെ സഭയോടുണ്ടായിരുന്ന ബന്ധത്തിന്റേയും, അവരുടെ ദൈവശ്വാസീയതയുടേയും അടിസ്ഥാനത്തിൽ പ്രാരംഭസഭ സ്വീകരിച്ച പുസ്തകങ്ങളെ സൂചിപ്പിക്കുന്നതായിരുന്നു.

[2]ഏൾ എഫ്. പാൽമർ, *1, 2, 3 ജോൺ & റെവെലേഷൻ,* ദ കമ്മൂണിക്കേറ്റേഴ്സ് കമെന്ററി സീരീസ്, വാല്യം. 12 (ഡള്ളാസ്: വേഡ് പബ്ലിഷിങ്ങ്, 1982), 97.

ആസ്യയിലെ ഏഴു സഭകളും പത്മൊസ് ദ്വീപും

